(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/1313/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ,തീയതി:11.12.2018
Ph:04862 227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ബൈസൺ വാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- ബൈസൺവാലി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ

3)കാര്യാലയ പകർപ്പ്.

എൽ.

നം.കെ.എസ്.എ-ഐ.ഡി.കെ-11/1313/2018 തീയതി:11.12.2018

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017മുതൽ 11-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒരു അന്വേഷണക്കുറിപ്പ് നൽകിയതിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2018 മുതൽ 21-11-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വി.ജി സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ മേജോ കെ.ജോർജ്ജ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മഞ്ജു ജെയിൻ | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. കെ സുരേന്ദ്രൻ നായർ | 01-04-2017മുതൽ 08-06-2017 വരെ |

| | | |
|---|---|---|
| | ശ്രീ.പി.എസ് അജയകുമാർ, ഹെഡ് ക്ലർക്ക് (അധിക ചുമതല) | 09-06-2017 മുതൽ 02-10-2017 വരെ |
| | ശ്രീ. പി.സുനിൽ | 03-10-2017 മുതൽ 31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീ എം അനന്തകൃഷ്ണൻ | 01-04-2017 മുതൽ 30-05-2017 വരെ |
| | ശ്രീ കെ.പി ഷാജി | 31-05-2017മുതൽ 10-07-2017 വരെ |
| | ശ്രീ ജയപ്രകാശ് | 11-07-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജയന്തി ജെ. നിരഞ്ജന | 01-04-2017 മുതൽ 30-10-2017 വരെ |
| | ശ്രീമതി പി.എസ് ബബിത | 31-10-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി കെ.എസ് ഷിജിമോൾ | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ.പി രഹന | 01-04- 2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. ശാലിനി ബാലചന്ദ്രൻ | 01-04- 2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പിച്ചൈ മുരുകൻ | 01-04-2017 മുതൽ 16-06-2017 വരെ |
| | ഡോ. ജി. കെ. പീതാംബരൻ | 17-06-2017 മുതൽ 18-07-2017 വരെ |
| | ഡോ. ജെ. സുനിൽ | 19-07-2017 മുതൽ 06-10-2017 വരെ |

| | | |
|---|---|---|
| | ഡോ. സ്നേഹാ അഗസ്റ്റ്യൻ | 07-10-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മിസ്ട്രസ് ഗവ ഹൈസ്കൂൾ ബൈസൺ വാലി | ശ്രീമതി. സി.ജെ. ഷീല | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീമതി എ.റീന | 01-06-2017 മുതൽ 23-11-2017 വരെ |
| | ശ്രീമതി അഞ്ജു മാണി, എച്ച്.എസ്.എ (പൂർണ്ണ അധിക ചുമതല) | 24-11-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. റിക്സൺ ജോർജ്ജ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. കെ.പി പൈലി | 01-04-2017 മുതൽ 31-03-2018 വരെ |

## ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി) |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വസ്തു നികുതി-ഗണ്യമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു |
| 14 | 2-2 | പാർപ്പിടാവിശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടം റിസോർട്ട് ആയി ഉപയോഗിക്കുന്നു. |
| 15 | 2-3 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല |
| 16 | 2-4 | ഇ.എം.എസ് സമ്പൂർണ ഭവനനിർമ്മാണ പദ്ധതി - സംയുക്ത അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു. |
| ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | വികസന ഫണ്ട് ഉപയോഗിച്ച് ഭക്ഷണ വിതരണം |
| 18 | 3-2 | സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പാക്കി |
| 19 | 3-3 | വാങ്ങിയ ഫർണിച്ചർ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ചെലവ് തടസ്സം ₹4985/- |
| 20 | 3-4 | ടാർ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ₹1102396/- യുടെ ചെലവ് തടസ്സം |
| 21 | 3-5 | അസി.എൻജിനിയറുടെ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല |
| 22 | 3-6 | വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറിയിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 23 | 3-7 | ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. |
| 24 | 3-8 | എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രമില്ല |
| ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം | | |

| | | |
|---|---|---|
| 25 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 28 | 4-4 | വായ്പ /വായ്പാതിരിച്ചടവ് |
| 29 | 4-5 | സ്ഥിര നിക്ഷേപം |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 32 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 35 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 36 | അനുബന്ധം-2 | ഓഡിറ്റ് ചെയ്ത പത്രികകൾ |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.03.2017തീയതിയിലെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് ബജറ്റ് 18.03.2017നം അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച്, അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2017-18 ലെ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 988510.00 |

| | |
|---|---|
| വരവ് | 171077000.00 |
| ചെലവ് | 171289000.00 |
| നീക്കിയിരിപ്പ് | 776510.00 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്നയിനങ്ങളിൽ പ്രകടമായ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (ലക്ഷത്തിൽ) | ഡിമാന്റ് (കുടിശിക ഉൾപ്പടെ ലക്ഷത്തിൽ) | വരവ് (കുടിശിക,മുൻകൂർ ഉൾപ്പെടെ ലക്ഷത്തിൽ) |
|---|---|---|---|
| വസ്തുനികുതി | 45.00 | 58.14 | 40.19 |
| തൊഴിൽ നികുതി | 6.25 | 5.79 | 5.79 |
| വാടക | 1.67 | 2.51 | 2.19 |
| ലൈസൻസ് | 1.50 | 1.09 | 1.09 |

പഞ്ചായത്തിന് ലഭിക്കുന്ന വരവുകളുടെ കൃത്യമായ അവലോകനം നടത്തിയതിനു ശേഷം ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ | കെ.എസ്. എ-ഐ. ഡി. കെ. 3/677/2018(18) തിയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | ₹ | 9696997.00 |
| വരവ് | ₹ | 37669761.00 |
| ആകെ | ₹ | 47366758.00 |
| ചെലവ് | ₹ | 34669227.00 |
| നീക്കിയിരിപ്പ് | ₹ | 12697531.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11035000 | 11035000 | 10270191 | 764809 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2216645 | 2216645 | 1889978 | 326667 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1658326 | 1658326 | 1123931 | 534395 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7202000 | 7202000 | 5348614 | 1853386 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 1801416 | 789584 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11315789 | 11315789 | 3806823 | 7508966 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 1164814 | 1164814 | 1164814 | 0 |
| സാക്ഷരത | 700 | 21 | 721 | 20 | 701 |
| തൊഴിലുറപ്പ് പദ്ധതി | | | | | |
| തൊഴിലാളികളുടെ കൂലി | 0 | 40337051 | 40337051 | 40337051 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 308713 | 5267955 | 5576668 | 5444626 | 132042 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 818336 | 261907 | 1080243 | 370398 | 709845 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വമിഷൻ* | 533833 | 147798 | 681631 | 117704 | 563927 |
| ജലനിധി* | 1237901 | 3559140 | 4797041 | 3043906 | 1753135 |
| വിമുക്തി | 0 | 12500 | 12500 | 0 | 12500 |
| കൃഷിവകുപ്പ് | 0 | 4975000 | 4975000 | 0 | 4975000 |
| ആശ്രയ | 0 | 166667 | 166667 | 166667 | 0 |
| മറ്റ് പദ്ധതികൾ | | | | | |
| എം.പി/എം.എൽ.എ* | 2429618 | 564753 | 2994371 | 473737 | 2520634 |
| സംയുക്ത പ്രോജക്ടുകൾ | | | | | |
| ജില്ലാ പഞ്ചായത്ത് | 0 | 600000 | 600000 | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 225000 | 225000 | 225000 | 0 |
| ബി ഫണ്ട് | 0 | 18596660 | 18596660 | 18596660 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 5149000 | 5149000 | 5149000 | 0 |
| തനത് ഫണ്ട് | | | | | |
| ബാങ്ക് അക്കൗണ്ട്+ക്യാഷ് | 480359 | 6498465 | 6978824 | 5608119 | 1370705 |
| ട്രഷറി അക്കൗണ്ട് | 1303792 | 5149000 | 6452792 | 6315901 | 136891 |
| മറ്റിനം | | | | | |
| ഗുണഭോക്തൃവിഹിതം | 0 | 727152 | 727152 | 727152 | 0 |
| ഡെപ്പോസിറ്റ് | 256979 | 484198 | 741177 | 263625 | 477552 |
| പ്ലാൻ സസ്പൻസ് | 2326666 | 44519 | 2371185 | 2326666 | 44519 |
| റിലീഫ് | 100 | 0 | 100 | 20 | 80 |

* പലിശ ഉൾപ്പെടെ

കുറിപ്പ്:-

1. തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ 1555674.00 (ബാങ്ക്-7057.00+1458336.00, ക്യാഷ്-90281.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 1075315.00 (ഡെപ്പോസിറ്റ്-256979.00, ഐ.സി.ഡി.എസ്-818336.00) കുറവ് ചെയ്തിട്ടുണ്ട്. (1555674.00-1075315.00=480359.00)

2. തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പിൽ 2570602.00 (ബാങ്ക്-121259.00+718957.00+1616794.00, ക്യാഷ്-113592.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 1199897.00 (വിമുക്തി-12500.00, ഡെപ്പോസിറ്റ്-477552.00, ഐ.സി.ഡി.എസ്-709845.00) കുറവ് ചെയ്തിട്ടുണ്ട്. (2570602.00-1199897.00=1370705.00).

3. ട്രഷറി നീക്കിയിരിപ്പിൽ 5111891.00നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 4975000.00 (കൃഷിവകുപ്പ്-4975000.00) കുറവ് ചെയ്തിട്ടുണ്ട്. (5111891.00-4975000.00=136891.00)

4. 2017-18 ൽ ഐ.സി.ഡി.എസിന് ലഭിച്ച യഥാർത്ഥ തുക 400101.00 ആയിരുന്നു. ചെലവ് 508592.00 രൂപയും എന്നാൽ, 31.3.2018 ന് ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത 138194.00 രൂപ വരവ് ഹെഡിൽ നിന്നു തന്നെ ചെലവ് ചെയ്തതിനാൽ റസിപ്റ്റ് ആന്റ് പേയ്മെന്റ് പത്രിതയിൽ 138194.00 രൂപയുടെ വരവും ചെലവും ഉൾപ്പെട്ടിട്ടില്ല.

5. 28.03.2018 ന് ട്രഷറി അക്കൗണ്ടിൽ നിന്നും 1232024.00 രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 9.4.2018 ന് തുക തിരികെ ലഭിച്ചു.

6. ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക തെറ്റായി അക്കൗണ്ട് ചെയ്തതിനാൽ 5071.00 രൂപ ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്നത് തെറ്റാണ്. യഥാർത്ഥത്തിൽ 563927.00 രൂപയാണ് നീക്കിയിരിപ്പ്.

7. എം.എൽ.എ ഫണ്ടിൽ നിന്നും 2016-17 ൽ ലഭിച്ച തുക 2017-18 ൽ ചെലവഴിച്ചിട്ടില്ല. എന്നാൽ 160100799 ഹെഡിലേക്ക് ജേണൽ ചെയ്ത് മാറ്റിയതിനാൽ ആസ്തി ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 42797234 | 105 | 28026419 | 28 | 14 | 71.43 |

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 0.68 കോടി അടങ്കലിൽ 32 പ്രോജക്ടുകൾ സ്പിൽ ഓവറും 3.60 കോടി അടങ്കലിൽ 115 പ്രോജക്ടുകൾ പുതിയതുമാണ്. സ്പിൽ ഓവറിൽ 24 പ്രോജക്ടുകളിലായി 0.60 കോടി രൂപ ചെലവഴിച്ചപ്പോൾ (82.06 ശതമാനം) പുതിയവയിൽ 81 പ്രോജക്ടുകളിലായി 2.24 കോടി രൂപയാണ് (62.35 ശതമാനം) ചെലവഴിച്ചിട്ടുള്ളത്. 2017-18 ൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 71 ശതമാനമാണ് നടപ്പാക്കിയിട്ടുള്ളത്. 2017-18 വർഷത്തിൽ ഉൾപ്പെട്ടതും എന്നാൽ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 168/2017-18 | മുട്ടക്കോഴി വിതരണം | 92000 |
| 2 | 96/2017-18 | ജാഗ്രതാ സമിതി | 30000 |
| 3 | 98/2017-18 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 200000 |
| 4 | 47/2017-18 | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ | 20000 |
| 5 | 62/2017-18 | ടീ കമ്പനി ഏകാദ്ധ്യാപക വിദ്യാലയത്തിന് ഗ്യാസ് കണക്ഷൻ | 15000 |
| 6 | 86/2017-18 | ആസ്തി രജിസ്റ്റർ പുതുക്കൽ | 10000 |
| 7 | 90/2017-18 | പ്ലാസ്റ്റിക്ക് ഷ്റണ്ടിംഗ് മെഷീൻ വാങ്ങൽ | 400000 |
| 8 | 116/2017-18 | കാഴ്ച ശക്തിയില്ലാത്തവർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | 150000 |
| 9 | 24/2017-18 | കോമാളിക്കുടി കുടിവെള്ളപദ്ധതി | 100000 |
| 10 | 29/2017-18 | പി.എച്ച്.സി ക്ക് ലാബ് നിർമ്മാണം | 100000 |
| 11 | 32/2017-18 | ഷോപ്പിംഗ് കോംപ്ലക്സിൽ കുഴൽക്കിണർ നിർമ്മാണം | 100000 |
| 12 | 34/2017-18 | പഞ്ചായത്ത് ഓഫീസ് നവീകരണം | 17358 |
| 13 | 43/2017-18 | മിന്നൽരക്ഷാ ചാലകം സ്ഥാപിക്കൽ | 25000 |
| 14 | 153/2017-18 | പെത്തലക്കുടി വാലായ്മപ്പുരയ്ക്ക് ടൊയ്ലെറ്റ് | 75000 |

2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017 ഫെബ്രുവരി, ഏപ്രിൽ, മെയ് മാസങ്ങളിൽ യോഗം ചേർന്ന് പ്രോജക്ട് നിർദേശങ്ങളും ശുപാർശകളും നൽകിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങളും ശുപാർശകളും അംഗീകരിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതി 26.5.2017 ലെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എല്ലാ മേഖലകളും സ്പർശിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. വിവിധ ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള നിർദേശങ്ങൾ പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 100.00 | 3232910 | 2352387 | 72.76 |

| | | | | | | |
|---|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 5 | 4 | 80.00 | 1327000 | 784999 | 59.16 |
| മെഡിക്കൽ ഓഫീസർ-ആരോഗ്യം | 7 | 7 | 100.00 | 1297000 | 1139161 | 87.83 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 100.00 | 250000 | 250000 | 100.00 |
| ഗ്രാമസേവകൻ | 10 | 10 | 100.00 | 4095000 | 3793150 | 92.63 |
| ശിശുവികസന ഓഫീസർ | 7 | 5 | 71.43 | 3580000 | 2784589 | 77.78 |
| സെക്രട്ടറി | 26 | 18 | 69.23 | 5192500 | 2780928 | 53.56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 80 | 49 | 61.25 | 21929824 | 12311055 | 56.14 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100.00 | 1150000 | 1099400 | 95.60 |
| ഹെഡ്മാസ്റ്റർ | 4 | 4 | 100.00 | 743000 | 730750 | 98.35 |
| ആകെ | 147 | 105 | 71.43 | 42797234 | 28026419 | 65.49 |

പൊതുവിഭാഗത്തിൽ 3.82 കോടിയുടെ 129 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 91 പ്രോജക്ടുകളിലായി 2.48 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗത്തിൽ 27.71 ലക്ഷത്തിന്റെ 8 പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 18.72 ലക്ഷത്തിന്റെ 10 പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിച്ചതിൽ യഥാക്രമം 7 പ്രോജക്ടുകളിലായി 20.05 ലക്ഷവും 7 പ്രോജക്ടുകളിലായി 11.72 ലക്ഷവും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ 70 ശതമാനം പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

ഉല്പാദനമേഖലയിൽ 61.19 ലക്ഷത്തിന്റെ 11 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 11 പ്രോജക്ടുകളിലായി 42.68 ലക്ഷം രൂപ ചെലവഴിച്ചു. സേവന മേഖലയിൽ 1.73 കോടിയുടെ 68 പ്രോജക്ടുകളും പശ്ചാത്തല മേഖലയിൽ 1.94 കോടിയുടെ 65 പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിച്ചതിൽ യഥാക്രമം 50 പ്രോജക്ടുകളിലായി 1.28 കോടിയും 44 പ്രോജക്ടുകളിലായി 1.09 കോടിയും ചെലവഴിച്ചിട്ടുണ്ട്.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പ്രോജക്ടുകൾ അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തേണ്ടതാണ്. കാർഷിക മേഖല മുഖ്യ വരുമാനമാർഗ്ഗമായ കുടുംബങ്ങളാണ് പഞ്ചായത്തിൽ; അതിനാൽ കാർഷിക-മൃഗസംരക്ഷണ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകി കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചെറുകിട ഉല്പന്ന സംസ്കരണ യൂണിറ്റുകൾ, സംഭരണ കേന്ദ്രങ്ങൾ, ചെറുകിട സംരംഭങ്ങൾ തുടങ്ങിയവ ആരംഭിക്കണമെന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ശുപാർശകൾ നടപ്പാക്കിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 308713 | 5267955 | 5576668 | 5444626 | 132042 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34892425 | 34892425 | 34892425 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

2017-18ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 2190400 | 204 |
| വിധവാപെൻഷൻ | 4453400 | 386 |
| വാർദ്ധക്യകാലപെൻഷൻ | 11847900 | 1023 |
| വികലാംഗപെൻഷൻ | 2630800 | 239 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 130300 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2018ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹173/-യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2017-18 പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റി എല്ലാ മാസവും പദ്ധതി പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. വസ്തു നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന വിമുക്ത ഭടൻമാരുടെ അപേക്ഷ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും വസ്തു നികുതി പിരിവ് 69 ശതമാനം മാത്രമാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 08.12.2017 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശിച്ചെങ്കിലും നാല് ടവറുകളുടെ 2013-14 മുതലുള്ള കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യമായ പദ്ധതി നിർദ്ദേശങ്ങളും, പെൻഷൻ അംഗീകാരം ഒഴികെ, സ്റ്റാന്റിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന മറ്റു വിഷയങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ പദ്ധതി ആസൂത്രണത്തിനും അംഗീകാരത്തിനുമായി മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ട്. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2018 | 2018 സെപ്റ്റംബർ വരെ | 22.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.02.2016 | 2014-15 വരെ | 19.03.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

നം.കെ.എസ്.എ-ഐ.ഡി.കെ.3/677/2018(18)തിയതി.29.8.2018ന് പുറപ്പെടുവിച്ച 2017-18 വാർഷിക കണക്കുകളുടെ സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

*2017-18 ൽ ഐ.സി.ഡി.എസിന് ലഭിച്ച യഥാർത്ഥ തുക 400101.00 ആയിരുന്നു. ചെലവ് 508592.00 രൂപയും എന്നാൽ, 31.3.2018 ന് ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത 138194.00 രൂപ വരവ് ഹെഡിൽ നിന്നു തന്നെ ചെലവ് ചെയ്തതിനാൽ റസിപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ 138194.00 രൂപയുടെ വരവും ചെലവും ഉൾപ്പെട്ടിട്ടില്ല.

*28.03.2018 ന് ട്രഷറി അക്കൗണ്ടിൽ നിന്നും 1232024.00 രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 9.4.2018 ന്

തുക തിരികെ ലഭിച്ചു.

*ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക തെറ്റായി അക്കൗണ്ട് ചെയ്തതിനാൽ 5071.00 രൂപ ആസ്തി-ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്നത് തെറ്റാണ്. യഥാർത്ഥത്തിൽ 563927.00 രൂപയാണ് നീക്കിയിരിപ്പ്.

* എം.എൽ.എ ഫണ്ടിൽ നിന്നും 2016-17 ൽ ലഭിച്ച തുക 2017-18 ൽ ചെലവഴിച്ചിട്ടില്ല. എന്നാൽ, 160100799 ഹെഡിലേക്ക് ജേണൽ ചെയ്ത് മാറ്റിയതിനാൽ ആസ്തി ബാദ്ധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## ഭാഗം-2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി-ഗണ്യമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പ്രകാരം ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശിക 351731 രൂപയും ഗാർഹികേതര കെട്ടിടങ്ങളുടെ കുടിശിക ₹1444004/- യുമാണ്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ സഞ്ചയ ഡിമാന്റ് കളക്ഷൻ ബാലൻസ് റിപ്പോർട്ട് പ്രകാരം യഥാക്രമം ₹531122/-യും ₹778742/-യും. 2017-18 സാമ്പത്തിക വർഷം വരെ ഗണ്യമായ തുക കുടിശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു(സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള 2018-19ലെ കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത്).

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | ഉപയോഗക്രമം | കുടിശിക ഡിമാന്റ് ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/295 | അജിത പരമശിവൻ | വ്യവസായം | 6470 | 2013-14 മുതൽ |
| 2 | 1/13 | അജിത പരമശിവൻ, ഗണപതിഎസ്റ്റേറ്റ്, പൊട്ടൻകാട് | പാർപ്പിടം | 6259 | 2014-15 രണ്ടാം അർദ്ധവർഷം മുതൽ |
| 3 | 2/179 | ലൈല ഉമ്മർ അലി, മൗൺസ്സരയിടത്തിൽ, പൊട്ടൻകാട് | പാർപ്പിടം | 10852 | 2014-15 മുതൽ |
| 4 | 2/289 | മാനേജർ, ജോൺസ് പ്ലാന്റേഷൻസ്, പൊട്ടൻകാട് | ഓഫീസ് | 5490 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | 3/313 | വില്ലേജ് ആഫീസർ, ബൈസൺവാലി വില്ലേജ് ആഫീസ്, പൊട്ടൻകാട് | ഓഫീസ് | 5501 | 2013-14 മുതൽ |
| 6 | 3/326 | സെക്രട്ടറി, സി.പി.ഐ എം, പൊട്ടൻകാട് | ഓഫീസ് | 4225 | 2013-14 മുതൽ |
| 7 | 4/490 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | മൊബൈൽ ടവർ | 154350 | 2013-14 മുതൽ |
| 8 | 4/152എ | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | മൊബൈൽ ടവർ | 153565 | 2013-14 മുതൽ |
| 9 | 4/380എ | ബിജു കെ ജി, കാര്യംകുന്നേൽ | പാർപ്പിടം | 34020 | 2013-14 മുതൽ |
| 10 | 4/587എ | കുര്യൻ വർഗ്ഗീസ്, ഇടയനാൽ | പാർപ്പിടം | 8600 | 2013-14 മുതൽ |
| 11 | 4/2 | തോമസ് എം, ജോളിബംഗ്ലാവ്, ആനി ചാക്കോ, കോയിക്കരവീട്, പൂർണ്ണിമ മോഹൻകുമാർ, ലക്ഷം വില്ല | പാർപ്പിടം | 7143 | 2013-14 രണ്ടാം അർദ്ധവർഷം മുതൽ |
| 12 | 4/142 | ഗോപാലകൃഷ്ണൻ, കൊല്ലംകുഴിയിൽ | പാർപ്പിടം | 5510 | 2013-14 മുതൽ |
| 13 | 4/148 | ടിസാഷൈൻ, കൊച്ചുപറമ്പിൽ | വ്യവസായം | 4570 | 2013-14 മുതൽ |
| 14 | 4/192 | കാർത്ത്യാനിയമ്മ ദാമോദരൻനായർ, വണ്ടാനത്തുകുന്നേൽ | പാർപ്പിടം | 4270 | 2013-14 മുതൽ |
| 15 | 5/379 | ബി.എസ്. എൻ. എൽ എക്സ്ചേഞ്ച്, ബി.എസ്. എൻ, എൽ, ബൈസൺലാലി | മൊബൈൽ ടവർ | 141490 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 16 | 5/301 | സെക്രട്ടറി, കേരള കെ.റ്റി.യു.സി | ഓഫീസ് | 7030 | 2013-14 മുതൽ |
| 17 | 3/335 | എസ്. ലക്ഷ്മണൻ, സൗദാംബിക എസ്റ്റേറ്റ് | പാർപ്പിടം | 5670 | 2013-14 മുതൽ |
| 18 | 5/252 | സെക്രട്ടറി, സി.പി.ഐ എം ലോക്കൽ കമ്മിറ്റി | ഓഫീസ് | 5220 | 2013-14 മുതൽ |
| 19 | 5/143 | ആന്റണി ജോർജ്ജ്, ചെറുപുഷ്പം, ബൈസൺവാലി | പാർപ്പിടം | 4120 | 2013-14 മുതൽ |
| 20 | 7/62 | സെക്രട്ടറി, കുരുമുളക് സംരക്ഷണ സമിതി ആഫീസ് | ഓഫീസ് | 4725 | 2013-14 മുതൽ |
| 21 | 7/378 | രവീന്ദ്രൻ, പ്രസിഡന്റ് കേരള വിശ്വകർമ്മ മഹാസഭ | ഓഫീസ് | 4206 | 2013-14 മുതൽ |
| 22 | 8/200 | തങ്കമ്മ, സ്മിതസദനം, നാൽപ്പതേക്കർ | പാർപ്പിടം | 14503 | 2013-14 മുതൽ |
| 23 | 11/46 | എക്സിക്യൂട്ടീവ് എൻജിനിയർ, സിവിൽ ഡിവിഷൻ മൂന്നാർ, ഉപ്പാർ | ഓഫീസ് | 4626 | 2006-07 ഒന്നാം അർദ്ധവർഷം മുതൽ |
| 24 | 12/267 | സെക്രട്ടറി, സർവ്വീസ് സഹകരണബാങ്ക്, പൊട്ടൻകാട് | ഓഫീസ് | 10925 | 2013-14 മുതൽ |
| 25 | 13/50എ | കുര്യൻ, പുല്ലുവെട്ടത്ത്, പൊട്ടൻകാട് | അസംബ്ലി കെട്ടിടം | 6804 | 2013-14 മുതൽ 2015-16 വരെ |
| 26 | 13/150 | സെക്രട്ടറി, സി.പി.ഐ.എം പാർട്ടി ആഫീസ്, പൊട്ടൻകാട് | ഓഫീസ് | 5670 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 27 | 13/2013 | പാസ്റ്റർ, ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്, 20 ഏക്കർ | ഓഫീസ് | 5183 | 2013-14 മുതൽ |
| 28 | 13/120 | അലോഷ്യസ്, ഇലഞ്ഞിക്കൽ, 20 ഏക്കർ | പാർപ്പിടം | 4054 | 2013-14 മുതൽ |

കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203(15), 209ഇ വകുപ്പുകൾ പ്രകാരമുള്ള പിഴപ്പലിശ സഹിതം വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ പ്രകാരവും സാംഖ്യ പ്രകാരവും വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസുകളുടെ വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. വസ്തുനികുതി, കുടിശിക കൂടാതെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 പാർപ്പിടാവിശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടം റിസോർട്ട് ആയി ഉപയോഗിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ച വിവരങ്ങളനുസരിച്ച്, ഗ്രാമപഞ്ചായത്തിന്റെ 12-ാം വാർഡിൽ ശ്രീ. ബിജു തോമസിന്റെയും മറ്റ് അഞ്ച് പേരുടെയും ഉടമസ്ഥതയിലുള്ള 92-ാം നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് പാർപ്പിട ആവശ്യത്തിനാണ്. ടി ആളുകളുടെ തന്നെ ഉടമസ്ഥതയിലുള്ള 92A നമ്പർ കെട്ടിടം കല്ല്യാണ മണ്ഡപം, ലോഡ്ജ് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നേരിൽ പരിശോധിച്ചതിൽ രണ്ട് കെട്ടിടങ്ങളും റിസോർട്ട് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് കാണുകയുണ്ടായി. കൂടാതെ 92-ാം നമ്പർ കെട്ടിടം രണ്ട് നിലയുള്ളതാണെങ്കിലും ഒരു നിലയുടെ മാത്രം നികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. രണ്ട് കെട്ടിടങ്ങളുടെയും വസ്തു നികുതി റിസോർട്ടുകൾക്ക് ബാധകമായ നിരക്കിൽ പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

നികുതിവരവുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം 698 കെട്ടിടങ്ങൾ ഗാർഹികേതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 112 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി, അവ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-4 ഇ.എം.എസ് സമ്പൂർണ ഭവനനിർമ്മാണ പദ്ധതി - സംയുക്ത അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു.

ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി 31.3.2015 ൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും പേരിൽ പൊട്ടൻകാട് സർവ്വീസ് സഹകരണ ബാങ്കിലുള്ള 134001-2000002825 നമ്പർ അക്കൗണ്ടിൽ 31.03.2018 ൽ ₹ 1,54,224/- അവശേഷിക്കുന്നുണ്ട്. നിഷ്ക്രിയമായ മേൽ അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ഉചിതമല്ലാത്തതിനാൽ അത് ക്ലോസ് ചെയ്ത് നീക്കിബാക്കി തുക ഇ.എം.എസ് ലോൺ തിരിച്ചടവിന് വിനിയോഗിക്കുകയോ ലൈഫ് പദ്ധതിയുമായി സംയോജിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസന ഫണ്ട് ഉപയോഗിച്ച് ഭക്ഷണ വിതരണം

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | എസ്.0006/2018 |
| പദ്ധതിയുടെ പേര് | ആശ്രയ -ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| പദ്ധതി അടങ്കൽ | ₹ 1,00,000 /- (വികസന ഫണ്ട്) |
| ബിൽ നം/ തീയതി | 13/8.3.2018 |
| പദ്ധതി ചെലവ് | ₹ 100,000 /- |

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ വിവരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.3.2017-ലെ ജി.ഒ (എം.എസ്) നം.72/2017 പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയുടെ ഖണ്ഡിക 12.12.3 (iii) അനുസരിച്ച്, ആശ്രയ പരിചരണ പാക്കേജിലെ അർഹതയുള്ള അഗതികൾക്ക് അംഗൻവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. കിടപ്പു രോഗികൾക്ക് പോക്ഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ മാത്രമാണ് (മേൽ ഉത്തരവ് ഖണ്ഡിക 13.5 (9) പ്രകാരം) ഇളവ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി, അരി, പഞ്ചസാര, ചെറുപയർ, തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കഞ്ചിത്തണ്ണിയിലുള്ള മാവേലി സ്റ്റോറിൽ നിന്നും വാങ്ങി കിറ്റുകളാക്കി വിതരണം ചെയ്തതിന് കുടുംബശ്രീ മുഖേന പണം നൽകുകയാണ് ടി പ്രോജക്ടിലൂടെ ചെയ്തിട്ടുള്ളത്.

ആശ്രയ പദ്ധതി മാർഗരേഖയനുസരിച്ച്, വികസന ഫണ്ട് ഉപയോഗിച്ച് ആസ്തി വികസന പ്രവർത്തനങ്ങൾ മാത്രമാണ് നടത്താവുന്നത്. ഭക്ഷ്യവിതരണം പോലുള്ള പദ്ധതി പ്രവർത്തനം കുടുംബശ്രീ മിഷനിൽനിന്ന് അനുവദിക്കുന്ന ചലഞ്ച് ഫണ്ട് വിനിയോഗിച്ചാണ് നടപ്പാക്കേണ്ടത്. മേൽ അപാകതകകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) സമർപ്പിച്ച മറുപടിയിൽ ചലഞ്ച് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് തുക ചെലവഴിച്ചതെന്നും ചലഞ്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഉത്തരവുകൾക്ക് അനുയോജ്യമായ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വികസന

ഫണ്ട് വിഹിതം പുനക്രമീകരിക്കേണ്ടതും നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കേണ്ടതുമാണ്. ഭാവിയിൽ സർക്കാർ ഉത്തരവുകൾക്കനുസൃതമായി തുക ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പാക്കി

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ ഹൈസ്കൂൾ ബൈസൺവാലി | |
|---|---|---|
| പ്രോജക്റ്റ് നം | 121/2017-18 | |
| പേര് | സ്കൂളുകൾക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങി നൽകൽ | |
| വകയിരുത്തൽ | ഇനം | വിഹിതം |
| | വികസനഫണ്ട്(പൊതുവിഭാഗം) | ₹405000 |
| ചെലവ്<br>ബിൽ നം & തീയതി | 02/2017-18 തീ 17.02.2018 | ₹393750 |

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ഗുണനിലവാരത്തിൽ മുന്നിട്ട് നിൽക്കുന്ന എയ്ഡഡ് സ്കൂളുകൾക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. അത് പ്രകാരം കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള കോട്ടയം എവോൺ സിസ്റ്റം & സെർവ്വീസിൽ നിന്നും 06.11.2017 ലെ ബി-747 നമ്പരായുള്ള ബിൽ പ്രകാരം ₹393750/- ചെലവഴിച്ച് താഴെ പരാമർശിക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്

| ക്രമനം | ഇനം | വില ₹ | എണ്ണം | തുക ₹ |
|---|---|---|---|---|
| 1 | Interactive white board | 30508.47 | 3 | 91525.41 |
| 2 | Infocus Short Throw projector | 29872.88 | 3 | 89618.64 |
| 3 | Laptop | 30508.47 | 3 | 91525.41 |
| 4 | UPS | 5508.47 | 3 | 16525.41 |
| 5 | Speaker | 8593.75 | 3 | 25781.25 |
| 6 | Wall Mount Kit | 5078.13 | 3 | 15234.39 |
| Taxes | | | | 63539.48 |
| ആകെ | | | | 393750.00 |

പ്രസ്തുത ഐ.റ്റി ഉപകരണങ്ങൾ താഴെ പരാമർശിക്കുന്ന സ്കൂളുകൾക്കാണ് വിതരണം ചെയ്തത്.

1)സെർവിൻഡ്യ എൽ.പി. സ്കൂൾ പൊട്ടൻകാട്.

2)സെന്റ് ജോസഫ്സ് യു.പി. സ്കൂൾ ജോസ്ഗിരി.

3)സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ, പൊട്ടൻകാട്.

<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.03.2017 ലെ ജി.ഒ.(എം.എസ്) നം. 72/2017പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയുടെ ഖണ്ഡിക 12.9(2) അനുസരിച്ച്, ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനാണ് മുൻഗണന നൽകേണ്ടത്. എയ്ഡഡ് സ്കൂളുകളിൽ കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രമാണ് ഏറ്റെടുക്കാവുന്നത്.(ഖണ്ഡിക 12.9(8)). എന്നാൽ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സ്വന്തം സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് വിനിയോഗിക്കേണ്ട പൊതുധനം സ്വകാര്യ സ്കൂളുകളുടെ ആസ്തിവികസനത്തിന് വിനിയോഗിച്ച നടപടി പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമാകയാൽ ചെലവ് തുക (₹3,93,750/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 <u>വാങ്ങിയ ഫർണ്ണിച്ചർ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. ചെലവ് തടസ്സം ₹4985/-</u>

| | | |
|---|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ ബൈസൺവാലി | |
| പ്രോജക്റ്റ് നം | 120/2017-18 | |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി) | ₹50000 |
| <u>ചെലവ്</u> ബിൽ നം & തുക | 05/2017-18 തീ 28.03.2018 | ₹49850 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പ്രോജക്ടാണിത്. ഇത് പ്രകാരം കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള രാജകുമാരി ക്ലിയർ ടെക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ₹49850/- ചെലവഴിച്ച് (സ്ഥാപത്തിന്റെ 16-03-2018 ലെ സി.എൽ.ആർ/2337/17-18 നമ്പർ ബിൽ) 10 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളിൽ 9 വീതം മേശയും കസേരയും വിതരണം നടത്തി. ഒരെണ്ണം പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥി വിതരണ സമയത്ത് വിദ്യാലയത്തിൽ ഇല്ലാതിരുന്നതിനാലാണ് ഹൈസ്കൂളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. വിതരണം നടത്താത്ത ഫർണിച്ചറിന്റെ ചെലവ് ₹4985/- തടസ്സപ്പെടുത്തുന്നു. ഗ്രാമസഭയുടെയും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരത്തോടെ, അർഹതയുള്ള ഗുണഭോക്താവിനെ കണ്ടെത്തി അവ വിതരണം ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-4 ടാർ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ₹1102396/- യുടെ ചെലവ് തടസ്സം

തൻവർഷം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ താഴെ പരാമർശിക്കുന്ന റോഡ് നവീകരണ പ്രോജക്ടുകൾക്ക് കൺവീനർ ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം,പേര് | ചെലവ് തുക ₹ | ബിൽ നം & തീയതി | എം-ബുക്ക് നമ്പർ | കൺവീനർ |
|---|---|---|---|---|---|
| 1 | 136/2017<br>40 ഏക്കർ-കുരങ്ങ്പാറ റോഡ് | 206008 | 1/2017-18<br>തീ:30.06.2017 | 490/2016-17 | ശ്രീ. ജോബി എൻ ജോസഫ് |
| 2 | 101/2017 റ്റീ കമ്പനി മൃഗാശുപത്രിപടി-ബൈസൺവാലി റോഡ് അറ്റകുറ്റപ്പണി | 521074 | 2/2017-18<br>തീ:30.06.2017 | 24/2017-18 | ശ്രീ ജോമോൻ ജോസഫ് |
| 3 | 57/2017 അപ്പർ റ്റീ കമ്പനി റോഡ് അറ്റകുറ്റപ്പണി | 375314 | 2/2017-18<br>തീ:30.06.2017 | 270/2016-17 | ശ്രീ കെ.എം ജോണി |
| ആകെ | | 1102396 | | | |

അവശ്യ രേഖകളുടെ അഭാവത്തിൽ ₹1102396/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. ബിറ്റുമിൻ വാങ്ങിയ ബില്ലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 അസി.എൻജിനിയറുടെ അക്കൗണ്ടിലെ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല

നോൺ-ബാങ്കിംഗ് ട്രഷറി മുഖേന പദ്ധതി പണമിടപാടുകൾ നടത്തേണ്ടി വരുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ആയിരം രൂപയ്ക്ക് മുകളിലുള്ള വിനിമയങ്ങൾ ഡി.ഡി മുഖേനയാക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് തുറക്കുവാൻ സർക്കാർ അനുവാദം നൽകിയിരുന്നു.(ധനകാര്യവകുപ്പിന്റെ 12.4.2006-ലെ ജി.ഒ(പി) 177/2006 നമ്പർ ഉത്തരവ് കാണുക.). സർക്കാർ ധനം പിൻവലിച്ച് പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പരമാവധി 30ദിവസം വരെ മാത്രമാണ് നിലനിർത്താവുന്നത്. ഒരു മാസത്തിനുശേഷം വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ തിരിച്ചടയ്ക്കുന്ന പക്ഷം പിൻവലിച്ച അതേ അക്കൗണ്ടിലേക്കും സാമ്പത്തിക വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ സഞ്ചിതനിധിയിലേക്കും തിരിച്ചടയ്ക്കണമെന്നായിരുന്നു 2015മാർച്ച് 31 വരെ നിലനിന്ന വ്യവസ്ഥ. ഈ നിബന്ധനയനുസരിച്ച് പ്രസ്തുത അക്കൗണ്ടിൽ ശേഷിക്കാവുന്ന പരമാവധി തുക അക്കൗണ്ട് തുറക്കാൻ ചെലവഴിച്ച ₹500/- മാത്രമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനിയർ മേൽ പ്രസ്താവിച്ച ആവശ്യത്തിന് ആരംഭിച്ച അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തിയിട്ടുണ്ട്.

| ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| SBI രാജകുമാരി ശാഖ | 67055141853 | 234197 | 25.9.2018 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം |

നിലവിൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ മുഖേന (NEFT, EFMS) പണമിടപാടുകൾ നടത്തുന്നതിനാൽ പ്രസ്തുത

അക്കൗണ്ട് തുടർന്നും നിലനിർത്തേണ്ട ആവശ്യമില്ലാത്തതാണ്. നിർജീവമായ സ്വകാര്യ അക്കൗണ്ടിൽ ദീർഘകാലം സർക്കാർ ധനം സൂക്ഷിക്കുന്ന നടപടി ഏറെ ക്രമക്കേടുകൾക്ക് വഴിവെയ്ക്കുമെന്നതിനാൽ അത് അടിയന്തിരമായി ക്ലോസ് ചെയ്ത് നീക്കിബാക്കി തുക സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 3-6 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറിയിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക₹ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എസ്009/18 പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 250000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 08.01.2018-ൽ ട്രാൻസ്ഫർ ചെയ്തു. | ----- | 250000 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) എസ്007/18 പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 250000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 08.01.2018-ൽ ട്രാൻസ്ഫർ ചെയ്തു. | ----- | 250000 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | കേരള മെഡിക്കൽ | 85500 | NEFT | ----- | 85500 |

| | | | | | |
|---|---|---|---|---|---|
| എസ്0010/18<br>പട്ടികവർഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് | സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | | മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 08.01.2018-ൽ ട്രാൻസ്ഫർ ചെയ്തു. | | |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)<br>എസ്0011/18<br>ജീവിതശൈലീ രോഗനിർണയവും പ്രതിരോധ പ്രവർത്തനവും | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 85643 | NEFT<br>മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 08.01.2018-ൽ ട്രാൻസ്ഫർ ചെയ്തു. | ----- | 85643 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>എസ്0005/18<br>ആയുഷ് ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ഹോംകോ<br>ആലപ്പുഴ | 150000 | NEFT<br>മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 30.3.18-ൽ ട്രാൻസ്ഫർ ചെയ്തു. | ------ | 150000 |
| ആകെ തുക | | | | | 821143 |

പാലിയേറ്റീവ് കെയർ പോലെയുള്ള പ്രോജക്ടുകൾക്ക വേണ്ടതായ അവശ്യ മരുന്നകൾ യഥാസമയം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അതുവരേയ്ക്കും ₹821143/- തടസ്സപ്പെടുത്തുന്നു.

## 3-7 ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

വികസന ഫണ്ട് ഇടപാടുകൾക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പൊട്ടൻകാട് ശാഖയിൽ ഐ.സി.ഡി.എസ്

സൂപ്പർവൈസറുടെ പേരിലുള്ള 57066138293 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 29-03-2018-വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം, ₹9374/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത തീയതിക്കുശേഷം ടി അക്കൗണ്ടിലൂടെ ഇടപാടുകൾ നടന്നിട്ടില്ല. ടി അക്കൗണ്ട് നിലനിർത്തേണ്ട സാഹചര്യമില്ലാത്തിനാൽ, പാസ്സ് ബുക്കിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 3-8 എസ്.എസ്.എ-വിനിയോഗസാക്ഷ്യപത്രമില്ല

നിർവ്വഹണം-സെക്രട്ടറി

| ക്ര നം | പ്രോജക്ട് നം & തീയതി | ചെലവ് തുക ₹ | ബിൽ നം & തീയതി | തുക അടവാക്കിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 3/2017-18 എസ്.എസ്.എ വിഹിതം | 300000 | 5/2017-18 തീ:24.07.2017 | എസ്.എസ്. എ പ്രോജക്ട് ഓഫീസ്, ഇടുക്കി-തൊടുപുഴ | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| ആകെ | | 300000 | | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹300000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ഇടുക്കി ജില്ല പഞ്ചായത്ത് | | 600000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ (സാധാ) 1019/09/ ത.സ്വ.ഭ.വ തി.25-03-2009 | 10184944 | 3055474 | 1018500 | 1018474 | 2036974 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1, 2-3 | 2016-17 | അനുബന്ധം-3&4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| | 1997-98 | 25(2) | Dr.BENNAPPAN C, VETERINARY SURGEON | LF.13006/ CELL.SC2/ 2001, 27.5.2002 | 7150 | 6007/78, 6.1.2009 | | | | 7150 | 0 | |
| | 1997-98 | 27 | ROBERT CORREYA, HC , In charge of SECERETARY | LF.13006/ CELL.SC2/ 2001, 27.5.2002 | 1000 | 26114/87, 25.4.2002 | | | | 1000 | 0 | |
| | 2003-04 | 3.4 (PART) | N.F.ADAM, ASST ENGG | LF.19644/ SP.CELL.SC2/ 2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |
| | 2003-04 | 3.4 (PART) | K.J.JOSE, ASST EXE ENGG | LF.19644/ SP.CELL.SC2 /2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹37669761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹34669227 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2622274 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| ഇല്ല | | | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 393750 | ശ്രീമതി. അഞ്ജു മാണി, എച്ച്.എസ്.എ (അധിക ചുമതല) |
| 3-3 | 4985 | ശ്രീമതി അഞ്ജു മാണി, എച്ച്.എസ്.എ (അധിക ചുമതല) |
| 3-4 | 1102396 | ശ്രീ. കെ.പി. ഷാജി, അസി.എൻജിനീയർ |
| 3-6 | 150000 | ശ്രീ.പി.സുനിൽ, സെക്രട്ടറി, |
| | 671143 | ഡോ.ശാലിനി ബാലചന്ദ്രൻ,മെഡിക്കൽ ഓഫീസർ |
| 3-8 | 300000 | ശ്രീ. പി.എസ്.അജയകുമാർ, എച്ച്.സി (അധിക ചുമതല) |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അഞ്ജു മാണി, എച്ച്.എസ്.എ | എച്ച്.എസ്.എ, ഗവ ഹൈസ്കൂൾ, ബൈസൺവാലി | പേഴമറ്റത്തിൽ കലയന്താനി.പി.ഒ വെട്ടിമറ്റം, തൊടുപുഴ |
| ശ്രീ.കെ.പി. ഷാജി, അസി എഞ്ചിനീയർ | അസി എഞ്ചിനീയർ, എൽ.എസ്.ജി.ഡി വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത് | കരിമ്പനയ്ക്കൽ മച്ചിപ്ലാവ്.പി.ഒ അടിമാലി, ഇടുക്കി |
| ശ്രീ.പി.എസ്. അജയകുമാർ, ജൂനിയർ സൂപ്രണ്ട് | ജൂനിയർ സൂപ്രണ്ട്, മൂന്നാർ ഗ്രാമഞ്ചായത്ത് | പൂത്തുക്കുടി വീട് ആനവിരട്ടി പി.ഒ അടിമാലി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | LFI-8/666/97,13.11.99 | 8 | PART-III-1,2, PART-IV-1,2,3,4,5,6 |
| 1997-98 | LFI-8/87/2001,1.2.2001 | 5 | 24, 25, 26, 27, 28 |
| 1998-99 | LFI-8/412/2000,19.7.02 | 7 | 20, 21, 22, 23, 24, 25, 27, |
| 1999-00 | LFI-8/375/2002,20.7.02 | 11 | 20(A)(B), 21, 22, 23, 24, 25, 26, 27, 28, 29 |
| 2000-01 | LFI-8/224/03,2.7.03 | 5 | 21, 23, 24, 26, 27 |

| | | | |
|---|---|---|---|
| 2001-02 | LFI-8/659/03,27.8.05 | 3 | 2.1, 2.2, 2.3, |
| 2002-03 | LFI-7/519/06,20.7.06 | 4 | 2.1, 3.1, 3.2, 3.3, |
| 2003-04 | LFI-7/794/07,6.10.17/1.11.17 | 16 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8(A)(B)(C), |
| 2004-05 | LFI-7/1046/08,18.4.09/30.9.09 | 11 | 2.1(A)(B)(C), 2.2(A)(B)(D), 3.1, 3.2, 3.3, 3.4, 3.5, |
| 2005-06 | LFI-7/12/2009,20.5.09/30.9.09 | 12 | 2.1, 2.2(A)(B)(C), 2.3, 2.4, 3.1, 3.2, 3.4, 3.5, 3.6, 3.7, |
| 2006-07 | LFI-7/717/2008,11.12.2008 | 6 | 2.2, 3.2, 3.3, 3.4, 3.5, 3.6 |
| 2007-08 | LFI-11/1211/2010,26.03.11 | 14 | 2-3(1),(2), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2008-09 | LFI-11/1285/2012,21.01.2013 | 12 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2009-10 | LFI-11/1351/2012,6.4.13/9.6.14 | 17 | 2-1, 2-2(A),(B), 2-3, 2-4, 2-5, 2-6(A),(B), 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, |
| 2010-11 & 2011-12 | LFI-11/550/2014,01.10.14 | 12 | 2.1, 2.2(A,B,C,D), 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8,, |

| | | | |
|---|---|---|---|
| 2012-13 | LFI-11/1260/2014,10.11.2014 | 13 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, |
| 2013-14 | KSA,IDK-11/208/2016,23.6.16 | 23 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, |
| 2014-15 | KSA-IDK-11/142/2017,4.2.17 | 9 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2015-16 | KSA-IDK-11/143/2017,3.2.17 | 5 | 2.1, 2.2, 3.1,3.2,3.3, |
| 2016-17 | KSA-IDK-11/1373/17,3.11.17 | 8 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-11/1313/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ,തീയതി:11.12.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.